ടിപ്പു സുൽത്താൻ

പി.കെ. ബാലകൃഷ്ണൻ

കേരളചരിത്രഗതിയെ മാറ്റിത്തീർത്ത ചരിത്രപുരുഷനായ ടിപ്പു സുൽത്താന്റെ ജീവചരിത്രം. സൂക്ഷ്മവും യുക്തിഭദ്രവുമായ നിരീക്ഷണപടുതയോടെ ചരിത്രത്തെ സമീപിക്കുന്ന പി. കെ. ബാലകൃഷ്ണന്റെ തനതുശൈലി ഈ കൃതിയെയും അതുല്യമാക്കുന്നു. ടിപ്പുവിന്റെ രാഷ്ട്രീയവും സാമൂഹികവും മതപരവുമായ നിലപാടുകളും ഇടപെടലുകളും പരിശോധിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ചരിത്രപരമായ മൂല്യം അവതരിപ്പിക്കുകയാണ് ഈ ജീവചരിത്രപഠനം.

കവർ ഡിസൈൻ: മനോജ്കുമാർ

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-1470-7

9 788126 414703 00006

ജീവചരിത്രം | E-book available | ₹ 160

920
765

ടിപ്പു സുൽത്താൻ

പി.കെ. ബാലകൃഷ്ണൻ

920
CASMTVK
765

dcb

പി. കെ. ബാലകൃഷ്ണൻ
(1926-1991)
ഇനി ഞാൻ ഉറങ്ങട്ടെ, നാരായണഗുരു, ടിപ്പു സുൽത്താൻ,
പി. കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ തുടങ്ങിയ
കൃതികളിലൂടെ സാഹിത്യ ചരിത്രഗവേഷണ മണ്ഡലത്തിൽ
ശ്രദ്ധേയനായ എഴുത്തുകാരൻ.

765

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No......765............ Call No........................

This book should be returned on or before the date last given below.

15-003 3 JAN 2019		

പി. കെ. ബാലകൃഷ്ണൻ

(1926–1991)

ചരിത്രഗവേഷകനും പത്രപ്രവർത്തകനും എഴുത്തുകാരനും. എറണാകുളത്തിനടുത്ത് എടവനക്കാട്ട് ജനിച്ചു. ക്വിറ്റ് ഇന്ത്യാസമരവുമായി ബന്ധപ്പെട്ട് ജയിൽവാസമനുഷ്ഠിക്കേണ്ടിവന്നതിനാൽ കോളജ്‌വിദ്യാഭ്യാസം മുടങ്ങി. പിന്നീട് രാഷ്ട്രീയപ്രവർത്തനത്തിലും പത്രപ്രവർത്തനത്തിലും വ്യാപൃതനായി. 'ദിനപ്രഭ'യുടെ എഡിറ്റർ; ദീർഘകാലം 'കേരളകൗമുദി' പത്രാധിപസമിതിയംഗം, 'മാധ്യമം' ദിനപത്രത്തിന്റെ ചീഫ് എഡിറ്റർ. കുമാരനാശാനെയും എഴുത്തച്ഛനെയുംകുറിച്ചു നടത്തിയ പഠനങ്ങൾ ആ മേഖലകളിൽ പുതിയ വെളിച്ചംപരത്തി. കേരള സാഹിത്യ അക്കാദമി അവാർഡും (1974), വയലാർ അവാർഡും (1978) ലഭിച്ചു. 1991 ഏപ്രിൽ 3-ന് നിര്യാതനായി. വിശദവിവരങ്ങൾക്ക് www.pkbalakrishnan.com

പി.കെ. ബാലകൃഷ്ണന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവൽ

പ്ലൂട്ടോ! പ്രിയപ്പെട്ട പ്ലൂട്ടോ!

ഇനി ഞാനുറങ്ങട്ടെ

ലേഖനം

പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ

കേരളീയതയും മറ്റും

പഠനം

കാവ്യകല കുമാരനാശാനിലൂടെ

ചന്തുമേനോൻ ഒരു പഠനം

നോവൽ: സിദ്ധിയും സാധനയും

എഴുത്തച്ഛന്റെ കല—ചില വ്യാസഭാരതപഠനങ്ങളും

ജാതിവ്യവസ്ഥിതിയും കേരളചരിത്രവും

ജീവചരിത്രം

ടിപ്പു സുൽത്താൻ

സമാഹാരം

നാരായണഗുരു

പി.കെ. ബാലകൃഷ്ണൻ

ടിപ്പു സുൽത്താൻ

ഡി സി ബുക്സ്

MALAYALAM LANGUAGE
Tippu Sulthān
LITERATURE/BIOGRAPHY
by P.K. Balakrishnan

Rights Reserved

First Published 1959
First DCB edition March 2007
6th impression January 2015

PUBLISHERS
D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Balakrishnan, P.K.
Tippu sulthan/P.K. Balakrishnan.
210p., 21cm.
ISBN 81-264-1470-7.
1. Biography. I. Title.
923.154–dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-1470-7

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 160.00

856/14-15-Sl.No. 14232-dcb 3460-2000-4150-01-15-Spb. 18.1-p sc-r(t) ar-d(t) rk

ശരീരവടിവിലും
ആറടി ഒരിഞ്ചു പൊക്കമുള്ള
കറുത്ത അറബിക്കാരൻ
മണപ്പാട്ട് പി.കെ. അബ്ദുൾഖാദറിന്റെ
സ്മരണയ്ക്ക്

LIBRARY

വിഷയവിവരം

പുതിയ പ്രസ്താവന	9
പ്രസ്താവന	11
പുസ്തകവിവരം	13
പ്രാരംഭം	15
ഒരു പിൻമാറ്റം	25
ഹൈദർ	31
ടിപ്പു: 1782-നു മുൻപ്	37
രണ്ടാം മൈസൂർ യുദ്ധത്തിന്റെ അവസാനം	42
മൈസൂർ-മഹാരാഷ്ട്രയുദ്ധം	49
മഹാരാഷ്ട്ര രാജ്യതന്ത്രം	58
ടിപ്പുവിന്റെ സഖ്യപരിശ്രമങ്ങൾ	65
മൂന്നാം മൈസൂർയുദ്ധം	71
ക്ഷതപ്പെട്ട ശക്തിയും ക്ഷതാഭിമാനവും	80
യോദ്ധാവായ ടിപ്പു	84
അവസാനയുദ്ധവും മരണവും	88
ടിപ്പുവും ചരിത്രകാരന്മാരും	99
സ്വഭാവപഠനം	106
മതഭ്രാന്ത്	120
ഭരണകർത്താവ്	126

രണ്ടാം ഭാഗം
ടിപ്പുസുൽത്താനും മലബാറും

പുസ്തകവിവരം	139
പശ്ചാത്തലം	141
മലബാർ-മൈസൂർ സമ്പർക്കം	151
ടിപ്പുവിന്റെ ഭരണനടപടികൾ	161
മർദ്ദനം, മതഭ്രാന്ത് മുതലായവ	174
കൊച്ചിയും മൈസൂറും	189
തിരുവിതാംകൂറും മൈസൂറും	194

പുതിയ പ്രസ്താവന

ഈ പുസ്തകം 1957-ൽ എഴുതിയതാണ്. പക്ഷേ, 1959-ലേ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുള്ളു. പ്രസാധകരായിരുന്ന പരിഷത് സഹകരണസംഘം ഏറെത്താമസിയാതെ ലിക്വിഡേഷനിലായതിനാൽ, ആദ്യപതിപ്പിന്റെ പകുതിയും അടച്ചുപൂട്ടിയ ഗോഡൗണിലായി. അങ്ങനെ വളരെപ്പേർക്കു കേട്ടറിവുള്ളതും ഏറെപ്പേരും കണ്ടിട്ടില്ലാത്തതുമായ ഒരു പുസ്തകമാണിത്. 27 കൊല്ലം മുമ്പ് ഇതു പ്രസിദ്ധീകരിക്കും കാലത്ത് ടിപ്പു സുൽത്താനെക്കുറിച്ചു മലയാളത്തിൽ ഒരു ചരിത്രകൃതിയുമുണ്ടായിരുന്നില്ല. കേരളചരിത്രത്തോടു ബന്ധപ്പെട്ട പ്രകൃതത്തിൽ ആ ചരിത്രപുരുഷനെക്കുറിച്ചുണ്ടായിരുന്ന പ്രതിപാദനങ്ങൾ പരമ്പരാഗതമായ ചില ധാരണകളുടെ ചാലുപിടിച്ചുള്ളവയായിരുന്നു. ഇന്ന് ആ നില സമൂലം മാറിയിരിക്കുന്നു. പുതിയ കാഴ്പ്പാടുകളിലൂടെ നിശിതമായ പഠനഗവേഷണങ്ങൾക്കു വശപ്പെട്ടു കഴിഞ്ഞ വിഷയമാണ് ടിപ്പു സുൽത്താൻ. അങ്ങനെ ഈ പുസ്തകം ആദ്യം പ്രസിദ്ധീകരിക്കുന്ന കാലത്തു നിലവിലുണ്ടായിരുന്ന പ്രസക്തിയുടെ ഒരു ഭാഗം ഇന്നില്ല.

എങ്കിലും ഒരു വസ്തുത ശേഷിക്കുന്നു. ടിപ്പു സുൽത്താന്റെ ചരിത്രത്തിന്റെ എത്രയോ ചെറിയ ഒരംശം മാത്രമാണ് അദ്ദേഹവും മലബാറുമായുള്ള വേഴ്ച. ഈ വേഴ്ച നേരാംവണ്ണം വിലയിരുത്തണമെങ്കിൽ, ഇന്ത്യാചരിത്രപശ്ചാത്തലത്തിലുള്ള സമഗ്രബോധം കൂടിയേതീരൂ. എന്റെ ഈ പുസ്തകം ആ ലക്ഷ്യത്തോടെ രചിക്കപ്പെട്ടതാണ്. അങ്ങനെ ഇതിന്റെ മൂന്നിൽ രണ്ടു ഭാഗത്തിലധികവും ഇന്ത്യാചരിത്രമാണ്. ആ ചരിത്രപ്രതിപാദനത്തിന്റെ വെളിച്ചത്തിൽ പ്രസക്ത കേരളചരിത്രഭാഗം ഒരുതരം 'ക്ലോസപ്പ്'പോലെ വിസ്തരിച്ചു പകർത്തപ്പെട്ടിരിക്കുന്നു. അങ്ങനെ ടിപ്പുസുൽത്താന്റെ ചരിത്രത്തിൽ പ്രത്യേകമായും കേരളചരിത്രത്തിൽ പൊതുവെയും താത്പര്യമുള്ളവർക്ക് ഇന്നും പ്രയോജനകരമായി വായിക്കാവുന്ന ഒന്നാണ് ഈ പുസ്തകം എന്ന ധാരണയാണെനിക്കുള്ളത്.

ഇതിൽ ചില പോരായ്മകളുമുണ്ടെന്ന് ഇന്നെനിക്ക് മനസ്സിലാക്കാൻ കഴിയുന്നു. പക്ഷേ, സമൂലമായ പൊളിച്ചെഴുത്തു കൂടാതെ അവ പരിഹരിക്കാൻ കഴിയുകയില്ല. അതിനുള്ള സന്നദ്ധതയും മാനസിക സജ്ജീകരണവും ഇന്നെനിക്കില്ല. അതുകൊണ്ട് 1959-ലെ പുസ്തകം അതുപോലെതന്നെ പുനഃപ്രകാശനം ചെയ്യുന്നു. മുപ്പതു വയസ്സുള്ള കാലത്ത് ഒരു വിഷയത്തിന്റെ പഠനം ഉളവാക്കിയ പക്ഷപാതപരമായ ആവേശം, എന്റെ ഇന്നത്തെ തളർന്ന